(സി) ഭവനനിർമ്മാണ ധനസഹായ പദ്ധതിക്കായി ബഡ്ജറ്റിൽ ഓരോ വർഷവും നിശ്ചിത തുക വകയിരുത്തുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 180 കോടി രൂപയാണ് ഭവനനിർമ്മാണ ധനസഹായത്തിനും ഭവനപുനരുദ്ധാരണ പദ്ധതിക്കുമായി വകയിരുത്തിയിട്ടുള്ളത്. ഭൗതികലക്ഷ്യത്തിനനുസൃതമായി തുക ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകൾക്ക് ജനസംഖ്യാനുപാതികമായി ഭൗതികലക്ഷ്യം നിശ്ചയിച്ച് തുകയും അനുവദിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നുമാണ് പ്രസ്തുത പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അപേക്ഷകരെ പത്രപ്പരസ്യത്തിലൂടെ കണ്ടെത്തി അർഹത പരിശോധിച്ച് ആനുകൂല്യം വിതരണം ചെയ്യുവരുന്നു.

ഉൾനാടൻ ജലാശയ മലിനീകരണം

15 (*75) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന വിനോദസഞ്ചാര ഡെസ്റ്റിനേഷനായ ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണവും അതുമൂലമുള്ള ദുർഗന്ധവും, വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കുന്ന വിപരീത ഫലങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിനു പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിവിധ വകുപ്പുകളുടെ ഏകോപനവും പൊതുജന പങ്കാളിത്തവും ആവശ്യമായ സാഹചര്യത്തിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി) കായലോര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ജലാശയങ്ങളുടേയും കായലോരങ്ങളുടേയും മലിനീകരണം തടയുന്നതിനും പ്രധാനമായും ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും പൊതുജനപങ്കാളിത്തത്തിലൂടേയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴയിലും കോട്ടയത്തും ഓരോ "Sewage Treatment Plant" (STP)-കൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം സ്ഥാപിച്ചിട്ടുണ്ട്. Port Department-ഉം ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ഏകോപിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

എസ്.എൻ.ഡി.പി.-ക്ക് മൈക്രോഫിനാൻസിനായി നൽകിയ വായ്പ

16 (*76) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, എസ്.എൻ.ഡി.പി.-ക്ക് മൈക്രോഫിനാൻസിനായി വായ്പ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ; വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ പ്രസ്തുത വായ്പാ തുകയ്ക്ക് ഈടാക്കുന്ന പലിശ നിരക്കെത്രയെന്നും എസ്.എൻ.ഡി.പി. മൈക്രോ ഫിനാൻസ് സംഘാംഗങ്ങളിൽ നിന്ന് ഈടാക്കുന്ന നിരക്കെത്രയെന്നും അറിയിക്കുമോ ;

(സി) സംഘാംഗങ്ങൾക്ക് വായ്പ നല്കാതെ അവരുടെ പേരിൽ പണം തട്ടിയെടുത്തതായി ഉയർന്ന പരാതിയെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly